## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2788 12/10/2011-ൽ മറുപടിക്ക്

**141 പുസ്തകങ്ങൾ ഒരുമിച്ചിറക്കുന്നതു സംബന്ധിച്ച നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | സർക്കാർ നൂറുദിനം പൂർത്തിയാക്കുന്ന അവസരത്തിൽ 141 പുസ്തകങ്ങൾ ഒരുമിച്ചിറക്കണമെന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നോ ; പുസ്തകങ്ങളിൽ ഒരുപാട് അച്ചടിപ്പിശകുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല.<br>ഒരു പുസ്തകത്തിൽ പിശക് സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എഴുത്തുകാർക്കും മറ്റു അണിയറ പ്രവർത്തകർക്കും റോയൽറ്റി അല്ലാത്ത ഒരു തുക നൽകണമെന്നുള്ള ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ മേൽ സൂചിപ്പിച്ചവർക്ക് റോയൽറ്റി അല്ലാതെ തുക നൽകിയോയെന്ന് വ്യക്തമാക്കാമോ ; | (ബി) | ഇല്ല. അച്ചടിക്കുന്ന ആദ്യത്തെ ആയിരം കോപ്പിക്ക് റോയൽറ്റി ഇല്ല . പകരം 1000 വാക്കുകൾക്ക് 500/ രൂപാ കണക്കിൽ പ്രതിഫലവും തുടർന്നു വില്ക്കുന്ന കോപ്പികൾക്ക് 15% റോയൽറ്റിയുമാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ നല്കി വരുന്നത്. 141 ഗ്രന്ഥകർത്താക്കളിൽ മിക്കവർക്കും പ്രതിഫല തുക നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പുസ്തകങ്ങളിൽ ഭൂരിഭാഗവും മുൻ സർക്കാരിന്റെ കാലത്ത് പ്രിന്റ് ചെയ്തതാണെന്നും ഇപ്പോൾ ആമുഖ പേജ് മാറ്റി വീണ്ടും സെറ്റ് ചെയ്താതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനായി ചെലവാക്കിയ അധിക സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ ? | (സി) | ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ